## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2184 12-02-2013-ൽ മറുപടിയ്ക്ക്

### വാഹനാപകടങ്ങളും ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (എ) 59,712 വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്. |
| (ബി) ഇവയിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (ബി) ഇവയിൽ 7,120 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (സി) ഇരുചക്രവാഹനാപകടങ്ങളിൽപ്പെട്ട എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (സി) 2,720 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ഡി) വാഹനാപകടങ്ങളും ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) വാഹന ഗതാഗതം കൂടുതലുള്ള സമയങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുദ്യോഗസ്ഥരെ നിയമിച്ചും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും സ്കൂൾ കുട്ടി |

കൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി സ്പീഡ് റഡാർ, ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ചും റിഫ്ളക്ടർ സൈൻ ബോർഡുകൾ വച്ചും ലൈനുകൾ വരച്ചും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനായി ക്യാമറകൾ സ്ഥാപിച്ചും ട്രാഫിക് നിയമ ലംഘനം നടത്തുന്നവരുടെ പേരിൽ ശക്തമായ നടപടികൾ സ്വികരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ